## III അടിയന്തരപ്രമേയം

### സഹകരണ ബാങ്ക് തട്ടിപ്പ്

മി. സ്പീക്കർ: തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്കിൽ ബാങ്ക് അധികൃതർ നടത്തിയ സാമ്പത്തിക തട്ടിപ്പുമൂലവും ബാങ്കിൽനിന്നും ജപ്തി നടപടി നേരിടേണ്ടിവന്ന വ്യക്തി ആത്മഹത്യ ചെയ്തതുമൂലവും നിക്ഷേപകർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2014 മുതൽ 2020 വരെയുള്ള കാലയളവിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് 14-07-2021-ൽ ഇപ്പോഴത്തെ സെക്രട്ടറി ശ്രീമതി ശ്രീകല ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ഹാജരായി ഒരു മൊഴി നൽകിയിരുന്നു. വ്യവസ്ഥകൾക്ക് വിരുദ്ധമായി

വായ്പകൾ നൽകൽ, വ്യാജ വിലാസത്തിൽ അംഗത്വം നൽകൽ, വസ്തു ഉടമകൾ അറിയാതെ അവരുടെ പേരിൽ വായ്പ മറ്റ് പലർക്കും അനുവദിക്കുക, ബാങ്കിന്റെ സൂപ്പർ മാർക്കറ്റിലുണ്ടായ ക്രമക്കേടുകൾ, കമ്പ്യൂട്ടറുകളിൽ തിരുത്തലുകൾ വരുത്തൽ, അതുപോലെ പരിധിക്ക് പുറത്തുള്ള ഭൂമി അറ്റാച്ച് ചെയ്ത് അതിന്മേൽ ഉടമസ്ഥർ അറിയാതെ വീണ്ടും വായ്പ നൽകൽ തുടങ്ങിയവയാണ് ബാങ്കിൽ നടന്നതായി പറയുന്ന ക്രമക്കേടുകൾ. ഇതിലൂടെ ബാങ്കിനുണ്ടായിട്ടുള്ള നഷ്ടവും അതോടൊപ്പംതന്നെ ഇതിലെ ക്രമവിരുദ്ധമായ നടപടികളും ക്രിമിനൽ സ്വഭാവമുള്ള നടപടികളും ചൂണ്ടിക്കാണിച്ച് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ IPC 406, 409, 420, 465, 34 എന്നീ വകുപ്പുകൾ അനുസരിച്ച് ക്രൈം നം.650/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി 20-07-2021-ൽ Order No.66/CIMB/2021/R ഉത്തരവ് പ്രകാരം കേസിന്റെ അന്വേഷണ ചുമതല തൃശ്ശൂർ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.യെ ഏൽപ്പിച്ചു. അതിനുശേഷം 21-07-2021-ൽ സംസ്ഥാന പോലീസ് മേധാവിയുടെ D3 108924/21/PHQ എന്ന ഉത്തരവ് പ്രകാരം കേസിന്റെ അന്വേഷണം സംസ്ഥാന ക്രൈംബ്രാഞ്ചിന്

കൈമാറിയിട്ടുണ്ട്. 21-07-2021-ൽ ക്രൈംബ്രാഞ്ച് ക്രൈം നം.165/2021 ആയി റീ-രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് തൃശ്ശൂർ യൂണിറ്റ് എസ്.പി.യെ ചുമതലപ്പെടുത്തിയിരുന്നു. 22-07-2021-ലാണ് തൃശ്ശൂർ പൊറത്തിശ്ശേരി വില്ലേജിൽ കരുവന്നൂർ സ്വദേശിയായ 61 വയസ്സുള്ള മുകുന്ദൻ രാവിലെ 7.00 മണിക്ക് വീട്ടിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടത്. ഇതുസംബന്ധിച്ച് സഹോദരനായ നന്ദനന്റെ മൊഴിപ്രകാരം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രിമിനൽ നടപടി പ്രകാരം 174-ാം വകുപ്പ് അനുസരിച്ച് ക്രൈം നം.694/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിനുവേണ്ടി സഹോദരൻ നൽകിയ മൊഴിയിൽ മുകുന്ദന് ബാങ്ക് ലോൺ കുടിശ്ശിക ഉണ്ടായിരുന്നതായും അതുമൂലമുള്ള അദ്ദേഹത്തിന്റെ മാനസികാവസ്ഥയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൃതദേഹം ഇൻക്വസ്റ്റ് നടത്തി പോസ്റ്റ്മോർട്ടം ചെയ്ത് ബന്ധുക്കൾക്ക് വിട്ട് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായി അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ജോയിന്റ് രജിസ്ട്രാർ അന്വേഷണം നടത്തിയിരുന്നു. അതിൽ ബാങ്കിൽ 401 കോടി രൂപയുടെ നിക്ഷേപവും ഏതാണ്ട് 404 കോടി രൂപയുടെ വായ്പ കുടിശ്ശികയും

43.64 കോടി രൂപയുടെ ഡി.സി.ബി. വായ്പയും ഉണ്ടെന്നാണ് കണ്ടെത്തിയത്. അഞ്ച് ശാഖകളും മൂന്ന് സൂപ്പർമാർക്കറ്റുകളും ഒരു നീതിസ്റ്റോറും ഏതാണ്ട് 27 ജീവനക്കാരും 13 അംഗ ഭരണസമിതിയുമായിരുന്ന ബാങ്കിനുണ്ടായിരുന്നത്. 16-01-2019-ൽ ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിൽ 28-01-2019-ൽ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തിയിരുന്നു. 31-08-2019-ൽ സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണവും നടന്നിരുന്നു. അതിന്റെ റിപ്പോർട്ട് ലഭ്യമായപ്പോഴാണ് 104.37 കോടി രൂപയുടെ ക്രമക്കേടാണ് അവിടെ നടന്നതെന്ന് വ്യക്തമായത്. ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്കിലെ ജീവനക്കാരായ സെക്രട്ടറി സുനിൽ, മാനേജർ ബിജു, സീനിയർ അക്കൗണ്ടന്റ് ജിൽസ്, ഡയറക്ടർ ബോർഡ് അംഗം കിരൺ, കമ്മീഷൻ ഏജന്റ് ബിജോയ്, സൂപ്പർമാർക്കറ്റിലെ അക്കൗണ്ടന്റ് റെജി അനിൽ എന്നിവർ ചേർന്നാണ് ഈ തട്ടിപ്പ് നടത്തിയതെന്നാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. ഇവരെയെല്ലാം സസ്പെന്റ് ചെയ്ത് അന്വേഷണത്തിന് വിധേയരാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ സമഗ്രമായ അന്വേഷണവും നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ

വകുപ്പ് രജിസ്ട്രാർ ഇന്നലെ നേരിട്ട് പോയി അവിടെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, നമ്മൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ല എന്നുപറയുന്നതുപോലെതന്നെ അവർ ഒരിക്കലും ഈ തട്ടിപ്പ് നിർത്തിയിട്ടുമില്ലായിരുന്നു എന്നതിന്റെ തെളിവാണ് നൂറ് കോടി രൂപ എന്നുള്ളത് മുന്നൂറും മുന്നൂറ്റമ്പതും കോടി രൂപയായി വർദ്ധിച്ച് കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ ബാങ്ക് കൊള്ളയ്ക്ക് സി.പി.ഐ.(എം.) നിയന്ത്രണത്തിലുള്ള ഭരണസമിതി കരുവന്നൂരിൽ നേതൃത്വം നൽകിയിരിക്കുന്നത് എന്ന നാണംകെട്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വന്ന് നിൽക്കുന്നത്. ഇത് കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള അഴിമതിയാണ്. ഇപ്പോൾ ലോക്ഡൗണിന്റെ കാലത്ത് ആളുകൾ വീടുകളിലിരിക്കുമ്പോൾ നെറ്റ്ഫ്ലിക്സിലും മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുമെല്ലാം സീരീസുകളാണ് കാണുന്നത്. അതിൽ heist series-കൾക്കാണ് ഏറ്റവും കൂടുതൽ പ്രേക്ഷകരുള്ളതെന്നാണ് പല റിപ്പോർട്ടുകളും പറയുന്നത്. ആ heist series-കളെ നാണംകെടുത്തുന്ന തരത്തിലുള്ള തട്ടിപ്പിന്റെ പരമ്പരയാണ് ഈ

ബാങ്കിൽ സി.പി.ഐ.(എം.) നേതൃത്വത്തിന്റെ അറിവോടെ നടന്നിരിക്കുന്നത് എന്നുള്ള അതീവ ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കുറേ വർഷം പ്രവാസലോകത്ത് അധ്വാനിച്ച് പണമുണ്ടാക്കിയ ഒരു കുടുംബം ഇരിങ്ങാലക്കുടയിൽ വന്ന് കുറച്ച് സ്ഥലം വാങ്ങി ഒരു സംരംഭം തുടങ്ങാൻ നാഷണലൈസ്ഡ് ബാങ്കിൽ ലോണിനുവേണ്ടി പോകുമ്പോൾ ലോണിനുവേണ്ടി വരുന്ന ആളുകളെ അവിടെവച്ച് ഒരാൾ പരിചയപ്പെടുകയാണ്, അരുൺ കിരൺ എന്ന ആ ആൾ "എന്തിനാണ് നാഷണലൈസ്ഡ് ബാങ്കുകളുടെ നൂലാമാലകളുടെ പുറകിൽ നടന്ന് കഷ്ടപ്പെടുന്നത്, ഞാൻ ലോൺ ഇപ്പോൾ ശരിയാക്കിത്തരാം" എന്നുപറഞ്ഞുകൊണ്ട് ആ സ്ത്രീയെയുംകൂട്ടി നേരെ പോകുന്നത് കരുവന്നൂരിലെ ഈ ബാങ്കിലേയ്ക്കാണ്. അവിടെപോയി ഡോക്യുമെന്റുകൾ പരിശോധിച്ച് അതിന്റെ കോപ്പി അവിടെ വാങ്ങിവച്ചിട്ട് വർഷാവസാനമായതുകൊണ്ട് കുറച്ച് ദിവസത്തെ സാവകാശം തരണം ലോൺ പെട്ടെന്ന് ശരിയാക്കിത്തരാമെന്ന് പറഞ്ഞ് ആ സ്ത്രീയെ തിരിച്ചയയ്ക്കുകയാണ് ചെയ്തത്. പിന്നീട് പല തവണ അവർ വിളിച്ചിട്ടും ഡോക്യുമെന്റിന്റെ കോപ്പിയും ലോണും കൊടുക്കാത്തതിനാൽ ലോൺ വേണ്ടെന്നുപറഞ്ഞ് മാറിനിന്ന

അവർക്ക് കഴിഞ്ഞ ദിവസം ഒരു നോട്ടീസ് വരികയാണ്, ആ ബാങ്കിൽനിന്നും എടുത്ത മൂന്ന് കോടി രൂപ എത്രയും വേഗം തിരിച്ചടച്ചില്ലെങ്കിൽ സ്ഥലം ജപ്തി ചെയ്യും എന്നതായിരുന്നു അത്. ഒരു രൂപയുടെ വായ്പ പോലും എടുക്കാത്ത, ഒരു രൂപയുടെ സഹായം കൊടുക്കാത്ത ബാങ്കിൽനിന്നും മൂന്ന് കോടി രൂപ തിരിച്ചടച്ചില്ലെങ്കിൽ അവർ ജീവിതകാലം മുഴുവൻ അധ്വാനിച്ചുണ്ടാക്കിയ വസ്തുവകകൾ ജപ്തി ചെയ്ത് ലേലംചെയ്ത് കൊണ്ടുപോകും എന്നാണ് അറിയിപ്പ് കൊടുത്തത്. ഇത് ഒരു കേസല്ല, അവിടെ നിരവധി കേസ്സുകളാണ് ഇത്തരത്തിൽ തട്ടിപ്പിനിരയായ ആളുകൾക്ക് പറയാനുള്ളത്. സമാനതകളില്ലാത്ത തട്ടിപ്പുകളാണ് ആ ബാങ്കിൽ നടന്നിട്ടുള്ളത്. ഇത് പെട്ടെന്നുണ്ടായ ഒരു കാര്യമല്ല, വർഷങ്ങളായി ഈ തട്ടിപ്പ് നടക്കുന്നത് പാർട്ടി അറിയുന്നതും പാർട്ടി ജില്ലാ സെക്രട്ടറി അന്വേഷണ കമ്മിഷനെ പ്രഖ്യാപിക്കുന്നതും ജില്ലാ സെക്രട്ടറി നേരിട്ട് ചെല്ലുന്നതും ആളുകളെ വിളിച്ചുചേർക്കുന്നതും മാറിയ ജില്ലാ സെക്രട്ടറി പിന്നെയും അന്വേഷണത്തിന് ആളുകളെ അയയ്ക്കുന്നതും ഒരു മുൻ എം.പി.യും അതുപോലെതന്നെ ഏരിയ സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകളെ അവിടെ അന്വേഷണത്തിന് അയയ്ക്കുന്നതും അവർ മൂന്ന് ദിവസം അവിടെ താമസിച്ച് അന്വേഷണം നടത്തി

ഈ തട്ടിപ്പ് നടത്തുന്നുണ്ടെന്ന് ബോധ്യപ്പെട്ടതായി റിപ്പോർട്ട് കൊടുത്തിട്ടുമെല്ലാം ഈ ഭരണസമിതിയെ പിരിച്ചുവിടാനോ അവർക്കെതിരെ നടപടി തുടങ്ങാനോ ഈ തട്ടിപ്പ് അവസാനിപ്പിക്കാനോ ശ്രമിക്കാതെ അതിന് കൂട്ട് നിന്ന് പ്രോത്സാഹിപ്പിച്ച് നൂറുകണക്കിന് കോടിരൂപയുടെ നഷ്ടം സാധാരണക്കാർക്ക് വരുത്തിവച്ചതിൽ അധികാരത്തിന് പങ്കില്ലെന്നും കേവലം പ്രാദേശികമായി മാത്രം നടന്ന കാര്യമാണതെന്ന് പറഞ്ഞാൽ എങ്ങനെയാണ് ജനങ്ങൾ വിശ്വസിക്കുന്നത്? Monthly Deposit Scheme(MDS) അഥവാ മാസക്കുറിയിൽ അവിടെ ആളുകളെ ചേർക്കുന്നുണ്ട്. MDS നിബന്ധന അനുസരിച്ച് ഒരാൾക്ക് നിശ്ചിത ടോക്കനെ കൊടുക്കാവൂ എന്നുണ്ട്. ഇവർ ചെയ്യുതെന്താണ്? ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമായിരിക്കും. ഒരാൾക്ക് നൂറ് ടോക്കൺ വേറൊരാൾക്ക് അൻപത് ടോക്കൺ എന്നിങ്ങനെ രണ്ടുപേർ ചേർന്ന് 150 ടോക്കൺ എടുക്കുകയാണ്. 150 നറുക്കിൽനിന്ന് നറുക്കെടുപ്പ് നടക്കുമ്പോൾ ആദ്യം കിട്ടുന്നത് മിക്കവാറും ഇവർക്ക്തന്നെയായിരിക്കും. ഇവർക്ക് ആദ്യത്തെ 19 നറുക്ക് കിട്ടുമ്പോൾ ബാക്കി വരുന്ന 29-ഓളം നറുക്കിന്റെ 80% ലോൺ എടുക്കുകയാണ്, അപ്പോൾ കുറിയുടെ ഏതാണ്ട് തുക ഇവരുടെ കയ്യിലേയ്ക്ക് വരും. പിന്നീട്

ഇവർ കുറി തിരിച്ചടയ്ക്കില്ല. 10000 രൂപ വച്ച് 100 നറുക്കിന്റെ പത്ത് ലക്ഷം രൂപയുടെ കുറിയാണ്. അതിൽ 150 നറുക്ക് രണ്ടുപേർക്കായി മാത്രം കൊടുക്കുകയാണ്. അതിലും കോടികളുടെ ബാധ്യത ബാങ്കിന് വന്നുചേരുകയാണ്. അവിടെയുള്ള ചില ആളുകൾക്ക് കൊടുത്ത ലോണിന്റെ തുക മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കരുവന്നൂർ ബാങ്കിന്റെ ഹെഡ് ഓഫീസ് മാനേജർ ബിജു കരീം, അറിയപ്പെടുന്ന സി.പി.ഐ.(എം.) അനുഭാവിയാണ്. 50 ലക്ഷം രൂപയാണ് ഒരാൾക്ക് പരമാവധി കൊടുക്കാൻ കഴിയുന്ന ലോൺ തുക. ബിജു കരീമിന്റെ നേതൃത്വത്തിൽ അങ്ങനെയുള്ള 52 ലോണുകൾ കൊടുത്തിരിക്കുകയാണ്. ഏകദേശം 26 കോടിരൂപയാണ് ഒരാൾക്ക് കൊടുത്തിരിക്കുന്നത്. ബിനാമി പേരിലും സ്വന്തം പേരിലും പലതരത്തിലുമുള്ള തട്ടിപ്പുകൾ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവർതന്നെ നടത്തുന്ന ഒരു സൂപ്പർ മാർക്കറ്റുണ്ട്. അവിടത്തെ ചീഫ് അക്കൗണ്ടന്റായ ഡി.വൈ.എഫ്.ഐ. നേതാവ് സി. കെ. ജിൽസ് എന്ന ആളുടെ പേരിൽ 13 കോടി രൂപയുടെ ലോൺ അനുവദിച്ചിരിക്കുകയാണ്. ഇവർതന്നെ നടത്തുന്ന റബ്കോ എന്ന സംഘത്തിൽ വർക്ക് ചെയ്യുന്ന സി.പി.ഐ.(എം.)-ന്റെ അറിയപ്പെടുന്ന നേതാവായ ബിജോയ് എന്നയാളുടെ

പേരിൽ 50 ലക്ഷം രൂപയുടെ 52 ലോണുകളിലായി 26 കോടി രൂപയുണ്ട്. ഈ തട്ടിപ്പിൽ ഇടനിലക്കാരനായി ബാങ്കിന്റെ പരിധിക്കുപുറത്ത് നിൽക്കുന്ന അരുൺ കിരണിന്റെ പേരിൽ 50 ലക്ഷം രൂപയുടെ 46 ലോണുകളിലായി ഏതാണ്ട് 23 കോടി രൂപയുണ്ട്. ബിനാമി പേരിലും അല്ലാതെയുമായി 379 അനധികൃത ലോണുകൾ രണ്ടര പഞ്ചായത്തിന്റെ പരിധിയിൽമാത്രം പ്രവർത്തിക്കാൻ അനുമതിയുള്ള ഒരു സ്ഥാപനം തിരുവനന്തപുരത്തെ പേട്ട മുതൽ വയനാട് വരെയുള്ള ജില്ലകളിലെ ആളുകൾക്ക് കള്ളത്തരത്തിലൂടെ ലോൺ കൊടുത്തുകൊണ്ടേയിരിക്കുകയാണ്. എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടന്നിരിക്കുന്നത്. അന്വേഷണ റിപ്പോർട്ടുകൾ വന്ന് അന്വേഷിക്കാൻ ചെന്നപ്പോൾ..... നമ്മുടെ നാട്ടിൽ ഇത്രയും വലിയ ബാങ്ക് തട്ടിപ്പുവന്നാൽ ഭരണസമിതി പിരിച്ചുവിടും, നടപടികളുണ്ടാകും, കേസ്സെടുക്കും, ഇ.പി. പെറ്റീഷൻ കൊടുക്കും എന്നിവയാണ് നമുക്കൊക്കെ പരിചയമുള്ള നടപടിക്രമങ്ങൾ. ഇവിടെ അസിസ്റ്റന്റ് രജിസ്ട്രാർ (എ.ആർ.) 2018-2019-ൽ റിപ്പോർട്ട് ചെയ്തു. സെക്ഷൻ 65 അനുസരിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ തട്ടിപ്പ് നടക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അവിടെ പത്തുപതിനഞ്ച് ധർണ്ണകൾ നടന്നു. തട്ടിപ്പ്

നടക്കുന്നുണ്ടെന്ന് പരാതി കൊടുത്ത ഡി.വൈ.എഫ്.ഐ. ചെറുപ്പക്കാരനെ ജോലിയിൽനിന്ന് കളഞ്ഞുവെന്നുമാത്രമല്ല ബി.ജെ.പി.-യുടെ പ്രവർത്തകനായി മാറുന്ന അവസ്ഥയിലേയ്ക്ക് ശത്രുതാപരമായ നിലപാടുകളാണ് അയാളോട് സ്വീകരിച്ചത്. പാർട്ടി ജില്ലാ സെക്രട്ടറി വന്ന് അന്വേഷണം നടത്തി തട്ടിപ്പ് ബോധ്യപ്പെട്ടു. എന്നാൽ നടപടികൾ ഉണ്ടായില്ല. സർക്കാർ ഇടപെട്ടില്ല. പാർട്ടിയുടെ പുതിയ ജില്ലാ സെക്രട്ടറി വന്നു, തട്ടിപ്പ് ബോധ്യപ്പെട്ടു. നടപടികളുണ്ടായില്ല. സർക്കാർ തലത്തിലേയ്ക്ക് നടപടികൾ പോയില്ല. അവസാനം എക്സ്-എം.പി.-ആയ ശ്രീ. പി. കെ. ബിജുവിനെയും ശ്രീ. പി. കെ. സാജൻ എന്ന അവരുടെ നേതാവിനെയും ഇപ്പോഴത്തെ ജില്ലാ സെക്രട്ടറി ചുമതലപ്പെടുത്തിയതുപ്രകാരം അവർ സ്ഥലത്തുവന്ന് മൂന്ന് ദിവസം അന്വേഷണം നടത്തി. സമാനതകളില്ലാത്ത തട്ടിപ്പാണ് നടന്നിട്ടുള്ളതെന്ന് അവർക്കും ബോധ്യപ്പെട്ടു. ആ സമയത്തും സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഇനിഷ്യേറ്റ് ചെയ്തില്ല. ഈ ബാങ്കുമായി ബന്ധപ്പെട്ട് സൂപ്പർ മാർക്കറ്റുകളും മെഡിക്കൽ ഷോപ്പുകളും തുടങ്ങി. ഒരു സൂപ്പർ മാർക്കറ്റിൽ അവർ പരിശോധന നടത്തി. 3 കോടി രൂപ ടോട്ടൽ ഇൻവെസ്റ്റുമെന്റുള്ള സൂപ്പർ മാർക്കറ്റിൽ ഒരു വർഷം 1 കോടി 69

ലക്ഷം രൂപ വെട്ടിച്ചു. സ്റ്റോക്ക് പരിശോധിച്ചപ്പോൾ ആ സാധനമേ അവിടെയില്ല. നോട്ടീസ് അയച്ചപ്പോൾ നൂറിൽ അധികം കത്തുകൾ മടങ്ങുകയാണ്. കാരണം അങ്ങനെ ആളുകളേയില്ല പിന്നെ ആർക്കാണ് നോട്ടീസ് കൊടുക്കുന്നത്. അങ്ങനെ ഒരു വ്യക്തി ജീവിച്ചിരിക്കുന്നെങ്കിൽ അല്ലേ നോട്ടീസ് കൊടുക്കാൻ സാധിക്കുകയുള്ളൂ. പേര് പോലും ഒറിജിനലല്ല ഭാവനയിൽനിന്നായിരുന്നു. പാവപ്പെട്ട അഞ്ച് സി.ഐ.റ്റി.യു.-ക്കാരുടെ പേരിൽ ലക്ഷങ്ങളും കോടികളും തട്ടിയെടുത്തിരിക്കുകയാണ്. അത് അവർ അറിഞ്ഞിട്ടില്ല. ഓട്ടോറിക്ഷ ഓടിക്കുന്ന സി.പി.ഐ.(എം.)-ന്റെ അനുഭാവികളായ ആളുകളുടെ പേരിൽ ലക്ഷങ്ങൾ തട്ടിയെടുത്തിരിക്കുകയാണ്, അതും അവർ അറിഞ്ഞിട്ടില്ല. പെയിന്റിംഗ് പണിക്ക് പോകുന്നവരുടെയും പാവപ്പെട്ട തൊഴിലാളികളുടെയുമൊക്കെ പേരിൽ മൃഗീയമായ തട്ടിപ്പ് നടന്നിരിക്കുകയാണ്. ഓരോ കാര്യങ്ങളെടുത്ത് പരിശോധിക്കുമ്പോഴും കേട്ടുകേൾവിയില്ലാത്ത വിധത്തിലുള്ള തട്ടിപ്പുകളാണ് നടത്തിയിരിക്കുന്നതെന്ന് കാണാൻ കഴിയും. കാലാകാലങ്ങളിൽ അതിന് കൊടുത്ത പിന്തുണ അറിഞ്ഞിട്ടും അതിശക്തമായ നടപടിയെടുക്കാതെ രഹസ്യമാക്കി പൂഴ്ത്തിവയ്ക്കാനും ഒതുക്കിവയ്ക്കാനും നടത്തിയ ശ്രമങ്ങളെല്ലാംകൂടെ

ചേർന്ന് തട്ടിപ്പിനെ വ്യവസായവൽകരിച്ച് കേരളത്തിൽ തിരുവനന്തപുരം മുതൽ വയനാട് വരെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് മുഴുവൻ ഇത് വ്യാപിപ്പിക്കാനുള്ള അവസരമാണ് ഒരുക്കി കൊടുത്തത്. അതും നേരത്തെ പറഞ്ഞതുപോലെ പോലീസിനോ ക്രൈം ബ്രാഞ്ചിനോ അന്വേഷണം കൊടുക്കുന്നതിനുമുമ്പ് ഭരണസമിതി പിരിച്ചുവിടുന്നതിനൊക്കെമുമ്പ് പാർട്ടി നടത്തുന്ന അന്വേഷണത്തിൽ ഒതുക്കി തീർക്കാൻ ശ്രമിച്ചതിന്റെ തിക്തഫലമാണ് അവിടെ രാവിലെ 5 മണി മുതൽ അല്ലെങ്കിൽ തലേദിവസം രാത്രി 10 മണി മുതൽ അവരുടെ ഡെപ്പോസിറ്റിൽനിന്ന് പണം തിരിച്ചുകിട്ടാനായി 10,000/- രൂപയുടെ ടോക്കനുവേണ്ടി ആളുകൾ ക്യൂ നിൽക്കുകയാണ്. ഞാൻ അവസാനിപ്പിക്കുന്നു. നമ്മുടെ സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ കേന്ദ്രത്തിൽ കോപ്പുകൂട്ടുന്നവർക്ക്, ഈ നാടിന്റെ സഹകരണ സംഘങ്ങളെ തകർക്കാൻ ബോധപൂർവ്വമായ അജണ്ട സൃഷ്ടിക്കുന്നവർക്ക്, തങ്ങളെ തല്ലാനും കൊല്ലാനുമുള്ള വടി വിട്ടുകൊടുത്തിട്ട് പിന്നെ കയ്യും കാലുമിട്ട് അടിച്ചിട്ട് കാര്യമുണ്ടാകില്ലായെന്ന് പറയുകയാണ്. ഈ സർക്കാരിന്റെ ഇത്രയും ഗുരുതരമായ പ്രശ്നങ്ങളോട് കണ്ണടച്ചവരെ താക്കീത് ചെയ്യാൻ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രതിപക്ഷം

ആഗ്രഹിക്കുകയാണ്. കാരണം ഈ സ്ഥാപനങ്ങളെ തകർക്കാൻ കണ്ണുംനട്ട് കാത്തിരിക്കുകയാണ്. പുതിയതായുണ്ടായ സഹകരണ മന്ത്രാലയത്തിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ നോട്ട് നിരോധനത്തിന്റെ സമയത്ത് 3000 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ വരെ കേൾപ്പിക്കാൻ ഇടയായവർ, ഈ കേരളത്തിൽ മര്യാദയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും തകർക്കാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ അധികാരത്തിന്റെ തണൽ ഇത്തരം ക്രിമിനലുകൾക്കും നിരന്തരമായി ഒരുക്കി കൊടുക്കുന്നു, അത് സ്വർണ്ണ കടത്താണെങ്കിലും കള്ളകടത്താണെങ്കിലും പീഡനക്കേസ്സാണങ്കിലും കൊലപാതക കേസ്സാണെങ്കിലും ക്വട്ടേഷൻ കേസ്സാണെങ്കിലും ഗോവിന്ദചാമിക്ക് ആളൂരെന്നപ്പോലെയാണ് ക്രിമിനലുകൾക്ക് ഈ സർക്കാർ. ഹോൾസെയിലായാണ് വക്കാലത്തെടുക്കുന്നതെന്നത് ആർക്കും നിഷേധിക്കാൻ കഴിയില്ല. കേരളത്തിലെ സഹകരണ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്ന ഈ വഞ്ചന സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് കേരളത്തിലെ ഓരോ സഹകരണ സ്ഥാപനത്തിനുവേണ്ടിയും ഞങ്ങൾ ആവശ്യപ്പെടുകയാണ്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നത്തിലെ ഉള്ളടക്കം ഞാൻ ആദ്യം സൂചിപ്പിച്ചു. ഗവൺമെന്റ് ഒന്നും മറച്ചുവച്ചിട്ടില്ല. ഗവൺമെന്റിന്റെ മുമ്പാകെ പരാതി കിട്ടിയ സന്ദർഭത്തിൽതന്നെ അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണ റിപ്പോർട്ട് വന്നയുടൻതന്നെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 65-ാം വകുപ്പനുസരിച്ചുള്ള അന്വേഷണ റിപ്പോർട്ട് വന്ന് ആരൊക്കെയാണ് കുറ്റക്കാർ എന്ന് കണ്ടെത്തി നോട്ടീസ് കൊടുത്ത് 68-ാം വകുപ്പ് അനുസരിച്ച് ഹിയറിങ് നടത്തിയതിനുശേഷമാണ് ഒരു സഹകരണ സംഘം പിരിച്ചുവിടുക. പരാതി കിട്ടി അന്വേഷണം നടത്തിയതും തുടർന്ന് ഹിയറിങ് നടത്തി പിരിച്ചുവിട്ടതുമൊക്കെ സമയം വച്ച് നോക്കിയാൽ ഒരു കാലതാമസവും വരുത്താതെ കഴിഞ്ഞ ഗവൺമെന്റ് തുടങ്ങി വച്ച് ഈ ഗവൺമെന്റ് പൂർത്തീകരിച്ച് നടപടി സ്വീകരിച്ച് കഴിഞ്ഞിരിക്കുന്നു. അതുപോലെ ഇതിലെ ഒരു കുറ്റവാളികളെയും രക്ഷപ്പെടാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല. ഈ ഗവൺമെന്റിന്റെ നിലപാട് നിങ്ങൾക്ക് അറിയാം. അഴിമതിയോട് ഒരു കോംപ്രമൈസുമില്ല. ശ്രീ. പി. ടി. തോമസ്, താങ്കൾ ചിരിക്കണ്ട. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അന്വേഷണം

നടത്തിയത്..... (...ബഹളം...). തൃശ്ശൂർ ജില്ലയിലെ മറ്റൊരു ബാങ്കിനെക്കുറിച്ച് ഞാൻ പറയാം. നിങ്ങൾ ബഹളം വച്ച് ഇതെല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ മര്യാദയ്ക്കാണ് മറുപടി പറഞ്ഞുവരുന്നത്. മര്യാദയ്ക്ക് മറുപടി പറയുമ്പോൾ നിങ്ങൾ അത് കേൾക്കാൻ തയ്യാറാകണം. ഈ വിഷയത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ഒരാളെയും രക്ഷപ്പെടാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല. സസ്പെന്റ് ചെയ്തവരുടെ പേരുകളെല്ലാം ഞാൻ ഇവിടെ സൂചിപ്പിച്ചു. പോലീസ് കേസ്സെടുത്തിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാതരത്തിലുമുള്ള നടപടിയും സ്വീകരിച്ച് കുറ്റവാളികളെ നിയമത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവരും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മുകുന്ദൻ ആത്മഹത്യ ചെയ്ത വിഷയത്തിൽ നമുക്കെല്ലാം വേദനയുണ്ട്. അത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. യഥാർത്ഥ സംഭവമെന്താണെന്ന് നിങ്ങൾ കൂടെ അറിഞ്ഞിരിക്കണം. മുകുന്ദൻ 16 സെന്റ് ഭൂമി പണയം വച്ച് 50 ലക്ഷം രൂപ ബാങ്കിൽനിന്ന് ലോണെടുത്തു. രണ്ടാമത് അദ്ദേഹത്തിന്റെ സഹോദരിയുടെ മകൻ സുധീഷിനെക്കൊണ്ട് അതേ 16 സെന്റ് ഭൂമി പണയം വച്ച് 30 ലക്ഷം രൂപകൂടെയെടുത്തു. അങ്ങനെ മൊത്തം 80 ലക്ഷം രൂപയായി.

ആ തുകയ്ക്ക് പലിശ ഇനത്തിൽ 18 ലക്ഷത്തിലധികം രൂപവരും. അങ്ങനെ മൊത്തം 98 ലക്ഷം രൂപ വരും. ബാങ്ക് ഒരു നടപടിയും സ്വീകരിച്ചില്ല. പക്ഷെ ആർബിട്രേഷൻ ഫയൽ ചെയ്തിരുന്നു. Arbitration hearing-നുവേണ്ടി നോട്ടീസ് അയച്ചുവെന്നുള്ളതല്ലാതെ ബാങ്കിൽനിന്നും ഒരു നോട്ടീസും പോയില്ല. അദ്ദേഹം ഹാജരാകുകയും ലോൺ എടുത്തിട്ടുണ്ടെന്ന് സമ്മതിക്കുകയും ചെയ്തു. ഇനി ഒരു കാര്യംകൂടി പറയാനുള്ളത് ആ വ്യക്തി മറ്റാരുമല്ല അദ്ദേഹം പൊറത്തിശ്ശേരി പഞ്ചായത്തിലെ മുൻ കോൺഗ്രസ് പഞ്ചായത്ത് മെമ്പറായിരുന്നു. ഞാൻ രാഷ്ട്രീയം പറയുകയല്ല, ബാങ്കിൽനിന്നും വായ്പയെടുത്ത വ്യക്തിയുടെ ബാക്ക്ഗ്രൗണ്ട് നിങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഇതെല്ലാം പറയുന്നത്. ..... (ബഹളം)......നടന്ന സംഭവമല്ലേ പറയുന്നത്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം.........(ബഹളം)........ 98 ലക്ഷം രൂപ അടയ്ക്കാനുള്ള ഒരുവ്യക്തിയുടെ പേരിൽ ആർബിട്രേഷൻ ഫയൽ ചെയ്യണ്ടേ; അതല്ലാതെ ബാങ്കിന്റെ ഭാഗത്തുനിന്നും ഒരുനടപടിയോ ജപ്തിയോ ഉണ്ടായിട്ടില്ല. ഇങ്ങനെയാണ് ആത്മഹത്യ സംഭവം ഉണ്ടായിട്ടുള്ളത്. ഇതാണ് വസ്തുതാപരമായ റിപ്പോർട്ട്. ബാങ്കിനെ സംബന്ധിച്ചിടത്തോളം, അവർ

ചെയ്തിട്ടുള്ള ക്രമക്കേടുകൾ ഓരോന്നായി ഞാൻ ഇവിടെ സൂചിപ്പിച്ചു. ഒൻപത് കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. അത് വളരെ വ്യക്തമായി ചാർജ്ജ് ചെയ്തുകൊണ്ട് ബാക്കി നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. ഇതിൽ ഒരാളെയും രക്ഷപ്പെടാൻ അനുവദിക്കില്ല. ഇക്കാര്യം മുമ്പ് സൂചിപ്പിച്ചപ്പോൾ പറഞ്ഞതാണ്. യു.ഡി.എഫ്. ഭരിക്കുമ്പോഴായാലും എൽ.ഡി.എഫ്. ഭരിക്കുമ്പോഴായാലും ഒരു രംഗത്ത് അഴിമതി നടന്നാൽ മെറിറ്റടിസ്ഥാനത്തിൽ കൃത്യമായ നടപടി സ്വീകരിക്കും. അല്ലാതെ പാർട്ടി ഏതാണെന്ന് നോക്കിയല്ല നടപടി സ്വീകരിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ബാങ്ക് ഇപ്പോൾ അടച്ചിട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് അറിയാം. കോൺഗ്രസ് പാർട്ടി ഭരിച്ചിരുന്ന ബാങ്കാണത്. ആ ബാങ്കിൽ ഇതുപോലെയുള്ള ക്രമക്കേടുകൾ നടന്നു. ആ ക്രമക്കേടിനെക്കുറിച്ച് അന്വേഷണം നടത്തി. ഇപ്പോൾ ബാങ്കിന്റെ ഭരണം നടത്തുന്നത് അഡ്മിനിസ്റ്റേറ്റർ ആണ്. തൃശ്ശൂർ ജില്ലയിൽ എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും ബാങ്കുകളിൽ ഇതുപോലെയുള്ള സംഭവങ്ങൾ നടന്നിട്ടുണ്ട്. ഏതുവിഭാഗത്തിൽപ്പെട്ട ആളുകൾ ക്രമക്കേട് നടത്തിയാലും തെറ്റ് തെറ്റുതന്നെയാണ്. അതാണ് ഈ ഗവൺമെന്റിന്റെ നയം.

തെറ്റിനെതിരെയുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിൽ ഏതെങ്കിലും തരത്തിൽ ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ല. ഞങ്ങളുടെ പാർട്ടി അന്വേഷണം നടത്തുന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് കൃത്യമായി അറിഞ്ഞുകൂടെ; കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ അഴിമതിയോ നടന്നിട്ടുണ്ടെന്ന് കേട്ടാൽ അതിനെ മൂടിവയ്ക്കുന്ന സ്വഭാവം ഞങ്ങൾക്കില്ല. അന്വേഷിച്ച് അതിൽ ഏതെങ്കിലും തരത്തിലുള്ള വസ്തുതയുണ്ടോയെന്ന് പരിശോധിക്കും. വസ്തുതയുണ്ടെങ്കിൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കും. അത്തരത്തിൽ നിലവാരവും നിലപാടുമുള്ള പാർട്ടിയാണ് ഞങ്ങളുടെ പാർട്ടിയെന്നുള്ളതുകൊണ്ടാണ് അക്കാര്യങ്ങളെല്ലാം ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങനെയൊരു അന്വേഷണം നടത്തിയതിനെ നിങ്ങൾ അവഹേളിക്കേണ്ടതില്ല. ഇവിടെ കുറ്റക്കാർ ആരായിരുന്നാലും മുഖം നോക്കാതെ നടപടിയെടുക്കുമെന്നുള്ളതിന്റെ സൂചനയാണ് ഇക്കാര്യങ്ങളിൽ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമില്ല. എല്ലാതരത്തിലുള്ള അന്വേഷണവും നടത്തുന്നുണ്ട്.

കുറ്റക്കാർ ആരായിരുന്നാലും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ ചരിത്രത്തിൽ സംഭവിച്ച ഏറ്റവും വലിയ മരം കൊള്ളയെക്കുറിച്ച് സംസാരിച്ച് ഒരുമണിക്കൂർ തികയുന്നതിനുമുമ്പ് നമ്മുടെ സംസ്ഥാനം കണ്ട ഏറ്റവും വലിയ സഹകരണ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് സംസാരിക്കേണ്ട ഗതികേടാണ് നമുക്കുണ്ടായിരിക്കുന്നത്. സിവിലായും ക്രിമിനലായും ഡിപ്പാർട്ടുമെന്റലായുമുള്ള എല്ലാനടപടികളും സ്വീകരിച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. 2018 മുതൽ പുറത്തുവന്ന സംഭവമാണിത്. 2018 മുതൽ പാർട്ടി അന്വേഷിച്ചുകൊണ്ടിരിക്കുന്ന സംഭവമാണിത്. കഴിഞ്ഞ ദിവസം കേരളത്തിലെ മുഴുവൻ മാധ്യമങ്ങളിലും വാർത്തവന്നതിനുശേഷം ഇന്നലെയാണ് ബാങ്കിന്റെ ഭരണസമിതിയെ

പിരിച്ചുവിട്ടത്. സിവിലായും ക്രിമിനലായും ഡിപ്പാർട്ടുമെന്റലായും പാർട്ടിപരമായും കഴിഞ്ഞ മൂന്ന് വർഷക്കാലം എന്ത് ചെയ്യുകയായിരുന്നു ഈ ഗവൺമെന്റ്; ഈ വിഷയത്തെ സംബന്ധിച്ച് നോട്ടീസ് അവതരിപ്പിച്ച് സംസാരിച്ച ശ്രീ. ഷാഫി പറമ്പിൽ തട്ടിപ്പിന്റെ ആഴങ്ങളെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചു. ഒരാൾ ഭാവനാ വിലാസം ഉണ്ടാക്കി ഭാവനയിൽ 'സി' ക്ലാസ് മെമ്പർഷിപ്പ് നൽകി അമ്പത്തിരണ്ട് പേർക്ക് 50 ലക്ഷം രൂപവീതം ആകെ 26 കോടി രൂപയുടെ ലോൺ അനുവദിക്കുന്നു. വേറൊരാൾ ഇതുപോലെ ഭാവനയിൽ പേരുകളുണ്ടാക്കി പതിമൂന്നര കോടി രൂപയുടെ ലോൺ കൊടുക്കുന്നു. മറ്റൊരാൾ വീണ്ടും അമ്പത്തിരണ്ട് പേർക്ക് 50 ലക്ഷം രൂപ വീതം 26 കോടി രൂപയുടെ ലോൺ കൊടുക്കുന്നു. ഈ കമ്മീഷൻ ഏജന്റ് 24 കോടി രൂപ ലോൺ കൊടുക്കുന്നു. ഓരോരുത്തർക്കുംവേണ്ടി ലോൺ എടുക്കുകയാണ്. സ്റ്റാഫ് അല്ലാത്ത അനിൽ കുമാർ എന്നയാൾക്ക് ഒമ്പതര കോടി രൂപ അനുവദിക്കുന്നു. സുഭാഷ് എന്ന അനിൽ കുമാർ പതിമൂന്നര കോടി രൂപയും സ്റ്റാഫ് അല്ലാത്ത രാജീവൻ എന്നയാൾ 8.66 കോടി രൂപയും എടുക്കുന്നു. ലോൺ എടുക്കാതെ തന്റെ ആധാരത്തിന്റെ കോപ്പി വാങ്ങി വച്ച് അതിന്റെ പേരിൽ 3 കോടി രൂപ

ബാങ്കിൽ കുടിശ്ശികയുണ്ടെന്ന് നോട്ടീസ് ലഭിച്ച സ്ത്രീ 2018-ൽ ഇതുമായി ബന്ധപ്പെട്ട ഒരു പരാതി സമർപ്പിച്ചിരുന്നു. എടുക്കാത്ത ലോണിന്റെ പേരിൽ 3 കോടി രൂപയുടെ നോട്ടീസ് ലഭിച്ചതിന് എന്തുനടപടിയാണ് സഹകരണ വകുപ്പ് സ്വീകരിച്ചത്; 2018-ൽ അല്ലേ ഈ പരാതിയുണ്ടാകുന്നത്; ശ്രീമതി സായി ലക്ഷ്മി എന്നുപറയുന്ന സ്ത്രീയുടെ പരാതി, അവർ എടുക്കാത്ത ലോണിന്റെ പേരിൽ 3 കോടി രൂപയുടെ നോട്ടീസ് ലഭിച്ചതിന് ബഹുമാനപ്പെട്ട ഹൈക്കോടതി അവർക്കെതിരായിട്ടുള്ള നടപടികൾ സ്റ്റേ ചെയ്തിരിക്കുകയല്ലേ; അവർക്കെതിരായി റിക്കവറി നോട്ടീസ് ലഭിച്ചിട്ടും എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല; 2018-ൽ നിങ്ങളുടെ ഏരിയാ കമ്മിറ്റി സെക്രട്ടറിയും മാറിമാറി വന്ന ജില്ലാ സെക്രട്ടറിമാരും ഇക്കാര്യം അന്വേഷിച്ചു. എന്നിട്ട് ഒരു കമ്മിഷനെ നിയമിച്ച് അന്വേഷിച്ചു. ഒരു ക്രൈം നടന്നതായി ബോദ്ധ്യപ്പെട്ടാൽ എന്ത് ചെയ്യണം; ആ പ്രശ്നം പാർട്ടിയിൽ ഒതുക്കിതീർത്താൽ മതിയോ; കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടന്നുവെന്ന് സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിമാർക്കും പാർട്ടി നിയമിച്ച കമ്മിഷനും ബോദ്ധ്യപ്പെട്ടിട്ടും ഡിപ്പാർട്ടുമെന്റിനോടെങ്കിലും ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിടാൻ ആവശ്യപ്പെട്ടോ; ഇത് നിങ്ങളുടെ

പാർട്ടി കാര്യമാണോ; നാട്ടുകാരുടെ പണമെടുത്ത് കൊള്ളയടിക്കുന്നത് പാർട്ടി കാര്യമാണോ; അതാണ് ചോദ്യം? നിങ്ങളുടെ പാർട്ടിയിൽപ്പെട്ടവരാണ് മൂന്ന് വർഷമായി ഇതിനകത്ത് ഏറ്റവും വലിയ കുറ്റം ചെയ്തിരിക്കുന്നത്. നിങ്ങളുടെ പാർട്ടിയിലെ ജില്ലാ നേതാക്കൻമാരും സെക്രട്ടേറിയറ്റ് അംഗങ്ങളും ഉൾപ്പെടെയുള്ള ആളുകൾക്ക് ഈ വിവരങ്ങൾ അറിയാമായിരുന്നെങ്കിലും പുറത്തുപറയാതെ പൂഴ്ത്തിവച്ചിരിക്കുകയായിരുന്നു. ഒരു പൗരൻ എന്നനിലയിൽ പോലീസിൽ അറിയിക്കേണ്ട ബാധ്യതയില്ലേ; ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയ നേതാക്കൾ എന്നുള്ള നിലയിൽ ഡിപ്പാർട്ടുമെന്റിനെ അറിയിക്കേണ്ട ബാധ്യതയില്ലേ; അവിടെത്തന്നെ ഒതുക്കി തീർക്കുകയാണോ ചെയ്യേണ്ടത്; നിങ്ങളുടെ പാർട്ടി എല്ലാം അന്വേഷിക്കും, പാർട്ടി വേറെയാണ്. ആ പാർട്ടി സംസ്ഥാന നേതൃത്വത്തെ അറിയിച്ചോ; തൃശ്ശൂർ ജില്ലയിലെ ജില്ലാ സെക്രട്ടറിമാർ ഈ വിവരം അറിഞ്ഞിട്ടും സംസ്ഥാനത്തെ പാർട്ടി നേതൃത്വത്തെ അറിയിച്ചോ; പാർട്ടി നേതൃത്വം എന്തുനടപടി സ്വീകരിച്ചു; മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ സംസ്ഥാന പാർട്ടി നേതൃത്വത്തിലുണ്ടല്ലോ; പാർട്ടി നേതൃത്വം അറിഞ്ഞിട്ടും ഇത് ഒതുക്കി തീർക്കാൻവേണ്ടി നിങ്ങൾ ശ്രമിച്ചു. കാരണം ഇത് പുറത്തുവന്നാൽ അവിടെയുള്ള പാർട്ടി

നേതാക്കൾക്കുകൂടി ഇതിൽ പങ്കുണ്ടെന്ന കാര്യം പുറത്തുവരും. Kerala Co-operative Societies Act, 1969 സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് വരികയും വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. ഏത് ഡിപ്പാർട്ടുമെന്റാണ് ഇത് ഒതുക്കിവച്ചത്, നിങ്ങളുടെ ഡിപ്പാർട്ടുമെന്റ് ഒതുക്കിവച്ചു. സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറി നടത്തി വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ട് ഡിപ്പാർട്ടുമെന്റലായി ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറിയുടെ ശിപാർശ ഡിപ്പാർട്ടുമെന്റിന്റെ മുമ്പിലുണ്ട്. വിജിലൻസ് അന്വേഷണത്തിന് പോകണമെന്ന്. ..........(ബഹളം)......... ഞാൻ വഴങ്ങുന്നില്ല. ആ വിവരം പൂഴ്ത്തിവച്ചു. ഡിപ്പാർട്ടുമെന്റ് എന്ത് ചെയ്തു, ഇവിടെ നടന്ന വൻ അഴിമതിക്ക്/കൊള്ളയ്ക്ക് ഡിപ്പാർട്ടുമെന്റ് കൂട്ടുനിന്നു. നിങ്ങൾക്ക് അതിൽ പങ്ക് ഇല്ലായിരുന്നുവെന്ന് എങ്ങനെ പറയാൻ കഴിയും. ഈ പരിപാടി മൂന്ന് വർഷമായി, ജില്ലാ പാർട്ടി നേതൃത്വത്തിനും സംസ്ഥാന നേതൃത്വത്തിനും അറിയാമായിരുന്നിട്ടും നിങ്ങൾ ഇത് പൂഴ്ത്തിവച്ചു. നിങ്ങളുടെ പാർട്ടി ജില്ലാ സെക്രട്ടറിമാരുടെയും നിങ്ങൾ നിയമിച്ച കമ്മിഷന്റെയും അന്വേഷണം കഴിഞ്ഞിട്ടും 100 കോടി രൂപയുടെ തട്ടിപ്പ് പിന്നെയും നടന്നു.

ആരാണ് ഇതിന് ഉത്തരവാദി; നിങ്ങളുടെ അന്വേഷണം കഴിഞ്ഞിട്ടും ആ വിവരങ്ങൾ പുറത്തുപറയാതിരുന്നതുകൊണ്ട്, ഡിപ്പാർട്ടുമെന്റിനെയോ പോലീസിനെയോ അറിയിക്കാതിരുന്നതുകൊണ്ട് പിന്നെയും നൂറ് കോടി രൂപയുടെ തട്ടിപ്പ് നടന്നു. ആരാണ് അതിന് ഉത്തരവാദി? നിങ്ങൾ തന്നെയാണ് ഉത്തരവാദി. തൃശ്ശൂർ ജില്ലയിലെ വേറെ ബാങ്കുകൾ പിരിച്ചുവിട്ടെന്ന് പറഞ്ഞു, അത് ശരിയാണ്. യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കിൽ ഭയങ്കര അന്വേഷണമാണ് നടക്കുന്നത്. തുമ്പൂർ സർവ്വീസ് സഹകരണ ബാങ്കിനൊരു കെട്ടിടം പണിതു. പണി ചെയ്ത ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് കെട്ടിടം പണിതതിന്റെ തുക കൊടുക്കണം. ആ കെട്ടിടത്തിന് ബാങ്ക് കണ്ട വാല്യുവേഷൻ 1 കോടി 14 ലക്ഷം രൂപയാണ്. ഉടനെ സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറി വന്നു. അതിനുകാരണം, യു.ഡി.എഫ്. ഭരിക്കുന്ന ബാങ്ക് ആണ് തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്. ഇതിന്റെ വാല്യുവേഷൻ 1 കോടി 14 ലക്ഷം രൂപയ്ക്കില്ലെന്നും 1 കോടി 12 ലക്ഷം രൂപയ്ക്കേയുള്ളൂവെന്നും റിപ്പോർട്ട് വന്നു. രണ്ട് ലക്ഷം രൂപയുടെ കുറവ്. ഉടനെ ആ ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടു. രണ്ട് ലക്ഷം രൂപയുടെ പേരിൽ തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് പിരിച്ചുവിട്ട

ആളുകൾ 350 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ ബാങ്കിനെ സംരക്ഷിച്ചു. ..........(ബഹളം) .......(ബഹളം)...... ബാങ്ക് ഭരണസമിതിയെ ഇന്നലെയാണ് പിരിച്ചുവിട്ടത്. ഇതുപോലെയുള്ള കേസുകൾ പറയാൻ മനുഷ്യനൊരു ജാള്യത വേണം..........(ബഹളം) .......(ബഹളം)...... രണ്ട് ലക്ഷം രൂപയുടെ കേസിൽ തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ടവർ 350 കോടി രൂപയുടെ തട്ടിപ്പ് നടന്ന സ്ഥലത്ത് അതിനെക്കുറിച്ച് മിണ്ടുന്നില്ല. തുമ്പൂർ സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച എൻക്വയറി നടത്തിയ ഓഫീസർ ആരാണ്; ഇപ്പോൾ ഇതിനകത്ത് സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറിയുടെ തലവനാണ് അദ്ദേഹം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ച കൂട്ടത്തിൽ സി.പി.ഐ.(എം.)-ന്റെ ബാങ്കുകാർ മാത്രമാണ് ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് പറയുന്നത്. കേവലം രണ്ട് ലക്ഷം രൂപയുടെ ചെറിയ കാര്യത്തിനാണ് ഞങ്ങളുടെ ഒരു ബാങ്ക് പിരിച്ചുവിട്ടത്. അങ്ങേയ്ക്ക് പട്ടണക്കാട് സഹകരണ ബാങ്കും മാവേലിക്കര

സഹകരണ ബാങ്കും അറിയാമായിരിക്കും. എല്ലാംകൂടി പത്ത്-നാന്നൂറ് കോടി രൂപ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട വാർത്തകൾ അങ്ങ് കേട്ടിട്ടുണ്ടാകുമല്ലോ; എല്ലാഭാഗത്തും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ടെന്നതാണല്ലോ വസ്തുത. അതിനെ സംബന്ധിച്ച് ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ ഇവിടെ വിശദീകരിച്ചല്ലോ. അതല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് വിശദീകരിക്കുന്നത് നല്ലതായിരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മാവേലിക്കര ബാങ്കിനെക്കുറിച്ച് എനിക്ക് നന്നായി അറിയാം. മാവേലിക്കര ബാങ്കിന്റെ സെക്രട്ടറി തട്ടിപ്പുനടത്തിയിട്ടും അദ്ദേഹത്തെ ഇപ്പോഴും സംരക്ഷിക്കുന്നത് ആരാണെന്ന് വ്യക്തമായി അറിയാം. ദയവുചെയ്ത് എന്നെക്കൊണ്ട് മന്ത്രി പേര് പറയിപ്പിക്കരുത്. പേര് പറഞ്ഞാൽ ഈ നിയമസഭ നിർത്തി വയ്ക്കേണ്ടിവരും. സെക്രട്ടറിയെ സംരക്ഷിക്കുന്നത് ആരാണെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയാം. എല്ലാ സംരക്ഷണവും കൊടുക്കുകയാണ്. ഇവിടെ ഗവൺമെന്റ് എന്തുചെയ്യുമെന്നതാണ് ചോദ്യം. പാർട്ടി അറിഞ്ഞിട്ട് പാർട്ടി എന്തുചെയ്തെന്നാണ് ചോദ്യം. മൂന്നുവർഷമായി 350 കോടി രൂപയുടെ തട്ടിപ്പ് നടന്നത് അറിഞ്ഞ പാർട്ടി എന്തുചെയ്തു? ആ ചോദ്യത്തിന്

ഉത്തരം പറയണം. ഞങ്ങളുമായി ബന്ധപ്പെട്ട ബാങ്കിൽ ഒരു തട്ടിപ്പ് നടന്നതായി അറിഞ്ഞാൽ അവർക്കെതിരെ ഞങ്ങൾ നടപടിയെടുക്കും. ഞങ്ങളുടെ സർക്കാരാണ് ഭരിക്കുന്നതെങ്കിൽ ഡിപ്പാർട്ടുമെന്റലായി നടപടിയെടുക്കും. ഇവിടെ പാർട്ടി എന്താണ് ചെയ്തത്? മൂന്ന് കൊല്ലമായി തട്ടിപ്പ് പൂഴ്ത്തിവച്ചു. ഇതുപോലൊരു തട്ടിപ്പിനെ ന്യായീകരിക്കരുത്. ചില മാധ്യമങ്ങളിൽ വന്ന വാർത്ത തട്ടിപ്പ് കണക്ക് ഇനിയും മുകളിലേയ്ക്ക് പോകുമെന്നാണ്. 507 കോടി രൂപയാണ് ബാങ്കിന്റെ ആസ്തി. 20 ശതമാനം ക്യാഷ് റിസർവായി വയ്ക്കണം. അതായത് 100 കോടി രൂപ ക്യാഷ് റിസർവ് വേണം. എന്നാൽ 506 കോടി രൂപയും ലോണായി കൊടുത്തു. 379 ലോൺ തട്ടിപ്പ് നടത്തിയിട്ടും ഭരണ സമിതി മൂന്ന് കൊല്ലമായി പിരിച്ചുവിടാതെ പ്രവർത്തിക്കുകയാണ്. 2020-ൽ ശിപാർശ ചെയ്തിട്ടും ഡിപ്പാർട്ട്മെന്റ് നടപടിയൊന്നും എടുത്തിട്ടില്ല. എന്തിനാണ് ഈ പ്രഹസനം. 2020-ൽ കേരള സഹകരണ സംഘ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം എൻക്വയറി നടത്തി റിപ്പോർട്ട് കൊടുത്തില്ലേ; അത് ഡിപ്പാർട്ട്മെന്റിൽ ആരാണ് പൂഴ്ത്തിവച്ചത്? പാർട്ടിയിൽ കൊള്ളക്കാരെ സംരക്ഷിക്കാനുള്ള സംവിധാനമുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള എൻക്വയറി നടപടിക്ക്

ശിപാർശ ചെയ്തിട്ടും അവരെ രക്ഷിക്കാനുള്ള ആളുകൾ ഈ പാർട്ടിയിലുള്ളതുകൊണ്ടല്ലേ; നിങ്ങൾ ഭരിക്കുമ്പോഴല്ലേ; എൻക്വയറിയിൽ വിജിലൻസ് അന്വേഷണം വേണമെന്ന് ശിപാർശ ചെയ്ത ഫയൽ എവിടെപ്പോയി; ആരാണ് മുക്കിയത്? നിങ്ങളുടെ ആളുകൾതന്നെ ഈ കൊള്ളക്കാരെ മുഴുവൻ മൂന്നുകൊല്ലം സംരക്ഷിക്കുകയായിരുന്നു. അതാണ് ഞങ്ങളുടെ കേസ്, അല്ലാതെ മാധ്യമ വാർത്തകൾ വന്നപ്പോൾ ഡിപ്പാർട്ട്മെന്റൽ നടപടിയെടുത്തു, ക്രിമിനൽ കേസെടുത്തു, സിവിൽ കേസെടുത്തു എന്നിങ്ങനെ പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അതുതന്നെയാണ് മരം കൊള്ളക്കേസിലും സംഭവിച്ചത്. മന്ത്രിയുടെ മറുപടിയിൽ അവസാനം പറഞ്ഞു വസ്തുതയുണ്ടെങ്കിൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കുന്ന പാർട്ടിയാണെന്ന്. നിങ്ങളുടെ പാർട്ടിയാണെല്ലാം, 'ഞങ്ങളുടെ പാർട്ടിയാണ് കോടതിയും പോലീസ് സ്റ്റേഷനുമെന്ന് ' വനിതാ കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞല്ലോ; ഇവിടെ റൂൾ ഓഫ് ലാ വേണ്ടേ; നിങ്ങളുടെ അണികൾ ഇങ്ങനെ എല്ലാകാര്യത്തിലും ഈ ഭരണമുപയോഗിച്ച് തട്ടിപ്പ് നടത്തുകയാണ്. നിങ്ങളുടെ ആളുകൾ പ്രളയഫണ്ടും എസ്.സി./എസ്.ടി. ഫണ്ടും തട്ടിപ്പ് നടത്തി, സ്വർണ്ണക്കള്ളക്കടത്ത് നടത്തി,

ഇപ്പോൾ സഹകരണ തട്ടിപ്പ് നടത്തുന്നു. ഏതെല്ലാം രംഗത്ത് തട്ടിപ്പ് നടത്താമോ അവിടെ പാർട്ടി നേതാക്കൻമാരെയും അണികളെയും നിങ്ങൾ കയറൂരി വിട്ടിരിക്കുകയാണ്. സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ സഹകരണ തട്ടിപ്പ് ഒളിപ്പിച്ചുവച്ച പാർട്ടി നേതാക്കൻമാരടക്കമുള്ള ആളുകൾക്കെതിരായി നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുമോ? ക്രിമിനൽ കുറ്റമാണെന്ന് അറിഞ്ഞിട്ടും പുറത്തുപറയാതെ രഹസ്യമായി വയ്ക്കുകയാണ്. ഒരു ക്രൈം നടന്നത് അറിയാമായിരുന്നിട്ടും പുറത്തുപറയാത്ത പാർട്ടി നേതാക്കൻമാർക്കെതിരെ നടപടിയെടുക്കാൻ നിങ്ങൾ തയ്യാറാണോ? നിങ്ങൾ തയ്യാറല്ല. നിങ്ങൾ കൊള്ളക്കാരെ മുഴവൻ സംരക്ഷിക്കുന്നതിൽ പ്രതിഷേധിച്ചും സുപ്രധാനമായ വിഷയം സഭനിർത്തി വച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഞങ്ങളുടെ രീതികൾ വേറെയാണെന്നും ഈ പാർട്ടി

വേറെയാണെന്നുമാണ് പറഞ്ഞത്. ഇത് രീതിയൊന്ന് വേറെ തന്നെയാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ പേരിൽ 10 കോടി രൂപയും മറ്റൊരു സാധാരണക്കാരന്റെ പേരിൽ 25 കോടി രൂപയും തട്ടിപ്പ് നടത്തിയെന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞു. എല്ലാം കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണ്. ഞാൻ ആദ്യം വിചാരിച്ചത് ലക്ഷങ്ങളായിരിക്കും പറഞ്ഞപ്പോൾ തെറ്റിയതാകാമെന്നാണ്. പിന്നീട് നോക്കുമ്പോഴാണ് എല്ലാം കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണെന്ന് മനസ്സിലായത്. ഇങ്ങനെ ഓട്ടോറിക്ഷാ തൊഴിലാളികളുടെയും മറ്റുള്ളവരുടെയും പേരിൽ കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടന്നത്; ഒരു ആധാരത്തിന്മേൽ 10 ലോണുകൾ അല്ലെങ്കിൽ എത്ര ലോണുകൾ വേണമെങ്കിലും എടുത്തിട്ട് അത് മൂടിവയ്ക്കാനുള്ള കഴിവ് വല്ലാത്തൊരു കഴിവ് തന്നെയാണ്. അത് നിങ്ങൾക്ക് മാത്രമുള്ള കഴിവാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഞങ്ങളുടെ രീതി വേറെയാണെന്ന് മന്ത്രി പറയാനുള്ള കാരണം. മന്ത്രി അത് പറയുമ്പോൾതന്നെ അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജും മുഖഭാവവും നോക്കിയാൽ ഒരു പുഞ്ചിരിയുണ്ടായിരുന്നു. കാരണം, പറയുന്നതിൽ

അദ്ദേഹത്തിനുതന്നെ വിശ്വാസമില്ല. അത്രവലിയ തട്ടിപ്പാണ് കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി മൂടിവച്ചത്. ഇപ്പോഴത് വാർത്താ മാധ്യമങ്ങളിലൂടെ പുറത്തുവന്നപ്പോഴാണ് ഇതിനൊരു ഗൗരവം വന്നത്. ഒരു ബാങ്കിൽ നടക്കാവുന്ന ഏറ്റവും വലിയ അഴിമതി കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി തുടർന്നിട്ടും അതിൽ യാതൊരു ഗൗരവവും കാണാതെ അതിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയിട്ട് അവസാനം പുറത്തുവന്ന് ചർച്ചയായപ്പോൾ ഇങ്ങനെ പറയുന്നുവെന്നേയുള്ളൂ. ഒതുക്കൽ പരിപാടി വീണ്ടും തുടരും എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിന്റെ ആകെത്തുക നോക്കുമ്പോൾ എനിക്ക് തോന്നിയത്. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ചൂണ്ടിക്കാണിച്ചതുപോലെ, കോടാനുകോടി രൂപയുടെ കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പിനിടയായിട്ടും

അതിൽ ഗൗരവതരമായ നടപടികൾ സ്വീകരിക്കാത്ത, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ സഹകരണമേഖലയ്ക്ക് ഏറെ കളങ്കം ചാർത്തുന്ന ഒരു നടപടിയാണ് ഈ ബാങ്ക് തട്ടിപ്പ്. ഇതിനെ സംബന്ധിച്ചുള്ള വ്യക്തമായ അന്വേഷണം നടത്താൻ ഗവൺമെന്റിന് കഴിഞ്ഞില്ല. 2018-ൽ പുറത്തുവന്ന തട്ടിപ്പിൽ മൂന്നുവർഷമായിട്ടും യാതൊരു അന്വേഷണവും നടക്കാത്തതിനാലാണ് 100 കോടി രൂപയുടെ തട്ടിപ്പ് 300 കോടി രൂപയായി വർദ്ധിച്ചത്. സാധാരണക്കാരുടെ പണമെടുത്ത് പറ്റിച്ചിരിക്കുന്നതിനാൽ അതിന് അന്വേഷണം വേണ്ടതാണ്. ഈ വിഷയം അന്വേഷിക്കാത്തതിലും ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി )

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു)